## പതിമൂന്നാം കേരളനിയമസഭ

## പതിനാലാം-സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4077** **21-07-2015- ലെ മറുപടിയ്ക്ക്**

### സംസ്ഥാനആസൂത്രണബോർഡിന്റെ പുന:സംഘടനം

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനആസൂത്രണബോർഡിനെ പുന:സംഘടിപ്പിക്കുന്ന വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതല പ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്നും ചുമതലപ്പെടുത്തിയ സ്ഥാപനം ഏതാണെന്നും വിശദമാക്കാമോ; | (ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ജില്ലാതല സംവിധാനങ്ങളുടെയും പ്രവർത്തന രീതിയും ഘടനയും സമഗ്രമായി പരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട സേവനവും ഭരണക്രമവും നടപ്പാക്കുന്നതിനാവശ്യമായ നിർദേശങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യ, ഹൈദരാബാദ് എന്ന സ്ഥാപനത്തെ ചുമതലപ്പെടു ത്തിയിരുന്നു. |
| (സി) പ്രസ്തുത സ്ഥാപനം പ്രാഥമിക റിപ്പോർട്ടോ, കരട് റിപ്പോർട്ടോ, അന്തിമ റിപ്പോർട്ടോ നൽകിയിട്ടുണ്ടോ;<br>(ഡി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) & (ഡി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കിയിരുന്നത് പ്ലാനിംഗ് കമ്മീഷന്റെ ഘടനയുമായിക്കൂടി താരതമ്യപ്പെടുത്തി യായിരുന്നു. പ്ലാനിംഗ് കമ്മീഷൻ നിലവിലില്ലാത്ത സാഹചര്യത്തിലും പകരം രൂപീകരിച്ച നീതി ആയോഗിൽ നിന്നും ആസൂത്രണ പ്രക്രിയ സംബന്ധിച്ച് വ്യക്തമായ സൂചനകൾ ലഭിച്ചിട്ടില്ലാ ത്തതിനാലും റിപ്പോർട്ടിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ലാത്തതും ടി റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ലാത്തതുമാകുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ലാത്തതാണ്. |

(ഇ) പ്രസ്തുത പഠനം നടത്തുന്നതിനുള്ള ആകെ ചെലവ് എത്ര രൂപയാണ്; നാളിതുവരെ എത്ര രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

(ഇ) പ്രസ്തുത പഠനത്തിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നത് 22.95 ലക്ഷം രൂപയാണ്. ടി തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ